പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2060 — 11.06.2018 -ൽ മറുപടിയ്ക്ക്

ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദുർബല വിഭാഗങ്ങളിൽ-പ്പെട്ടവരുടെയും പാർശ്വവൽ-ക്കരിക്കപ്പെട്ടവരുടെയും സുരക്ഷ ഒരുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം പരിശോധിച്ചി ട്ടുണ്ടോ: | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടേയും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും താത്പര്യ സംരക്ഷണത്തിന് സർക്കാർ അതീവ പ്രാധാന്യം കൽപ്പിച്ചു വരുന്നുണ്ട്. മറിച്ചുള്ള ആരോപണങ്ങളും, ആക്ഷേപങ്ങളും വസ്തുതാവിരുദ്ധവും ആയതിനാൽ തന്നെ കഴമ്പില്ലാത്ത-വയുമാണ്. ചില ദൗർഭാഗ്യകരമായ ഒറ്റപ്പെട്ട സംഭവങ്ങൾ ആധാരമാക്കിയാണ് ചില കോണുകളിൽ നിന്നും സർക്കാരിനെതിരെ ഇത്തരത്തിൽ ആരോപണ ശരങ്ങൾ ഉയർന്നു വരുന്നത്. ചില വ്യക്തികളുടെ മുൻവിധിയോടുകൂടി കാര്യങ്ങളെ സമീപിക്കുന്ന പ്രവണതയും, ജാതിമത ചിന്തകളും, ഉച്ചനീചത്വ-ങ്ങളുമെല്ലാം ഇത്തരത്തിൽ സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുന്ന പ്രവർത്തി കൾക്ക് വഴിമരുന്നിടുന്നുണ്ട്. ദുർബല വിഭാഗങ്ങൾക്കെതിരെ നടമാടുന്ന കുറ്റ കൃത്യങ്ങളെ തടയിടുന്നതിന് നിലവിൽ കർശന നിയമങ്ങളുണ്ട്. പ്രസ്തുത നിയമങ്ങളെ കൃത്യമായി പാലിച്ചുകൊണ്ട് കുറ്റക്കാർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ള നയ സമീപനമാണ് സർക്കാർ അനുവർ-ത്തിക്കുന്നത്. ഇക്കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കുറ്റക്കാർക്കെതിരെ അവർ എത്രകണ്ട് |
| (ബി) | അട്ടപ്പാടിയിൽ പട്ടിക ഗോത്ര വിഭാഗത്തിൽപ്പെട്ട മധുവെന്ന യുവാവിനെ ജനക്കൂട്ടം മർദ്ദിച്ച് കൊന്ന സംഭവവും കോട്ടയത്ത് ദളിത് വിഭാഗത്തിൽപെട്ട കെവിനെന്ന യുവാവിനെ ദുരഭിമാനത്തിന്റെ പേരിൽ കൊലപ്പെടുത്തിയ സംഭവവും ഒറ്റപ്പെട്ട സംഭവങ്ങളാണെന്ന് സർക്കാർ വിലയിരുത്തു-ന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈ വിഭാഗങ്ങളോടുള്ള അതിക്രമം തടയുവാൻ അതീവ ജാഗ്രത പുലർത്തണമെന്ന് അട്ടപ്പാടി സംഭവത്തിന് ശേഷം മുഖ്യമന്ത്രി നിർദ്ദേശി ച്ചിരുന്നോ; എങ്കിൽ അതിനു ശേഷവും ഇത്തരം കേസു കളുണ്ടാകുന്നത് മുഖ്യമന്ത്രി | | |

| | | | |
|---|---|---|---|
| | യുടെ നിർദ്ദേശം ആഭ്യന്തര വകുപ്പ് ഗൗരവമായി എടുത്തിട്ടില്ലായെന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | | ഉന്നതരാണെങ്കിൽ കൂടി മുഖം നോക്കാതെയുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന വേളയിൽ പോലീസിലെ തന്നെ ചില ഉദ്യോഗസ്ഥർ അലംഭാവം പ്രകടമാക്കുന്ന സംഭവങ്ങൾ അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സംഭവങ്ങളി-ലൊക്കെതന്നെയും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രോസി-ക്യൂഷനും, വകുപ്പുതല അച്ചടക്ക നടപടികളടക്കമുള്ള കാര്യങ്ങൾ ഇക്കാര്യത്തിലെ പ്രാധാന്യം ഉൾക്കൊണ്ടും, സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലും അനുവർത്തിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാന പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതും കുറ്റവാളികളായ പാർട്ടി അനുഭാവികൾക്ക് നൽകുന്ന പ്രോത്സാഹനവുമാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് ഇടയാക്കിയതെന്നുള്ള ആക്ഷേപമുള്ളതിനാൽ പോലീസിനെ രാഷ്ട്രീയ മുക്തമാക്കുന്നതിനും കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ